ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 —

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം.ഇ9/6346/2008/സിഇ/ത.സ്വ.ഭ.വ

തീയതി : 21/06/2021

## പരിപത്രം

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് — (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗം — ജീവനക്കാര്യം — എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഒന്നാം തരം ഓവർസീയർ തസ്തികയിലെ ഒഴിവുകളിൽ താത്കാലിക നിയമനം നടത്തുന്നത് സംബന്ധിച്ച് .

സൂചന : 08.06.2021 ലെ എറണാകുളം മേഖല പി.എസ്.സി ഓഫീസറുടെ RE IV (3) 1181/2014 നമ്പർ സാക്ഷ്യപത്രം (NAC), കത്ത്

തദ്ദേശ സ്വയംഭരണ വകുപ്പിലെ (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് ) ഒന്നാം തരം ഓവർസീയർ തസ്തികയിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള കേരള പി.എസ്.സി യുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം യോഗ്യരായ ഉദ്യോഗാർത്ഥികളെ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സൂചന പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒന്നാം തരം ഓവർസീയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ 179 ദിവസത്തേക്ക് താത്കാലികമായി നിയമിക്കാവുന്നതാണ്. ത്രിതല ഗ്രാമപഞ്ചായത്തിലേക്ക് താത്കാലിക നിയമനം നടത്തുന്നതിനായി അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും കോർപ്പറേഷൻ /മുൻസിപാലിറ്റി എന്നിവടങ്ങളിൽ അതാത് ഓഫീസ് നിയന്ത്രണാധികാരികളും ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള നോൺ അവൈയലബിലിറ്റി സർട്ടിഫിക്കേറ്റിന്റെ പകർപ്പ് സഹിതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്ത് ആയത് പ്രകാരം ലഭിക്കുന്ന ലിസ്റ്റിൽ നിന്നും അഭിമുഖം നടത്തി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഒന്നാം തരം ഓവർസീയർമാരുടെ ഒഴിവിലേക്ക് താത്കാലിക നിയമനം നടത്താവുന്നതാണ്. സൂചന പ്രകാരം കേരള പി.എസ്.സി യിൽ നിന്നും ലഭിച്ച നോൺ അവൈയലബിലിറ്റി സർട്ടിഫിക്കേറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

ചീഫ് എഞ്ചിനീയർ

ഉള്ളടക്കം —പരാമർശിച്ചത്

പകർപ്പ് — (എല്ലാ നിയന്ത്രണ അധികാരികൾക്കും വെബ് സൈറ്റ് മുഖേന)

www.keralapsc.gov.in

E-Mail: roekm.psc@kerala.gov.in
Telephone: 0484-2317435

# KERALA PUBLIC SERVICE COMMISSION
# REGIONAL OFFICE, ERNAKULAM

No. RE IV (3) 1181/2014

Ernakulam
08/06/2021

## NON-AVAILABILITY CERTIFICATE

Sub:- Non-availability certificate for making provisional appointment – issue of:

Ref:- Government Circular No. 52709/SD4/GAD dated 25.08.1986.

***************

This is to certify that at present there is no Ranked list available with the Commission for advising candidates to the post of **I^st^ Grade Overseer/I^st^ Grade Draftsman (Civil) on Rs. 13900-24040/- in the Local Self Government Department.** The Commission have notified the post in the Gazette dated 01/10/2020 and the selection process is in progress.

This Certificate is issued for the purpose of making provisional appointment through Employment Exchange, if found necessary.

**REGIONAL OFFICER**
KERALA PUBLIC SERVICE COMMISSION
REGIONAL OFFICE : ERNAKULAM

To

The Chief Engineer
Office of the Chief Engineer,
Local Self Government Department(EW),
3rd Floor, Revenue Complex,
Public Office, Compound,
Thiruvananthapuram – 695033.